പാഠം 2 ജനുവരു 6-12

# കാണുന്നു, ആഗ്രഹിക്കുന്നു, എടുക്കുന്നു

**ശബ്ബത്ത് സായാഹ്നം**

**ഈയാഴ്ചയിലെ പഠനത്തിന്:**

**2 കൊരി. 8:1-7; മത്താ. 13:3-7,22; ഉല്പ. 3:1-6; യെശ. 56:11; മത്താ. 26:14-16; 2 പത്രൊ. 1:5-9.**

**മനഃപാഠവാക്യം: "മുള്ളിനിടയിൽ വിതയ്ക്കപ്പെട്ടതോ, ഒരുത്തൻ വചനം കേൾക്കുന്നു എങ്കിലും ഈ ലോകത്തിന്റെ ചിന്തയും ധനത്തിന്റെ വഞ്ചനയും വചനത്തെ ഞെരുക്കിയിട്ടു നിഷ്ഫലനായിത്തീരുന്നതാകുന്നു" (മത്താ. 13:22).**

പണത്തോടും ഭൗതിക വസ്തുക്കളോടും ഉള്ള സ്നേഹം പല കോണുകളിൽ നിന്നും വരുന്നു. പിശാചിന്റെ തന്ത്രത്തെക്കുറിച്ച് സഹോദരി വൈറ്റ് ഇപ്രകാരം പറയുന്നു: "പോകൂ, പണവും വസ്തുവകകളും കരസ്ഥമാക്കിയിരിക്കുന്നവരെ ഈ ലോകത്തിന്റെ ചിന്തകളാൽ മത്തു പിടിപ്പിക്കുക. ഈ ലോകത്തെ അവരുടെ മുന്നിൽ ഏറ്റവും ആകർഷണീയമായ രീതിയിൽ അവതരിപ്പിക്കുക. അങ്ങനെ അവർ തങ്ങളുടെ നിക്ഷേപങ്ങളെ ഇവിടെ ശേഖരിക്കുകയും ലൗകിക കാര്യങ്ങളെ സ്നേഹിക്കുകയും ചെയ്യും. ദൈവ വേല ചെയ്യുന്നവർ നമുക്കെതിരായി പ്രവർത്തിക്കാതിരിപ്പാൻ നമുക്കാവുന്നതെല്ലാം ചെയ്യുക. പണത്തെ നമ്മുടെ ശ്രേണിയിൽത്തന്നെ സൂക്ഷിക്കുക. അവർക്കു കൂടുതൽ ഉപാധികളെ കിട്ടുകയാണെങ്കിൽ അവർ നമ്മുടെ പ്രജകളെ നമ്മിൽനിന്നും എടുക്കുകയും നമ്മുടെ സാമ്രാജ്യത്തെ കൂടുതൽ മുറിപ്പെടുത്തുകയും ചെയ്യും. ക്രിസ്തുവിന്റെ രാജ്യത്തെ പണിതുയർത്തുകയും നാം വെറുക്കുന്ന സത്യങ്ങളെ പ്രചരിപ്പിക്കുകയും ചെയ്യാതിരിക്കാൻ അവരിൽ ദ്രവ്യാ ഗ്രഹം ആവോളം വളർത്തുക. അങ്ങനെയായാൽ അവരുടെ സ്വാധീനത്തെ നാം ഭയപ്പെടേണ്ടിവരുകയില്ല. സ്വാർത്ഥരും ദ്രവ്യാഗ്രഹികളുമായ എല്ലാവരും നമ്മുടെ കീഴിൽ വരികയും ആത്യന്തികമായി ദൈവജനത്തിൽനിന്നും മാറ്റപ്പെടുകയും ചെയ്യും." EGW COS, P 154-155.

ഈ തന്ത്രം, നിർഭാഗ്യവശാൽ നന്നായി ഫലിക്കുന്നുണ്ട്. നാം ഈ അപകടങ്ങളെ തിരിച്ചറിയുകയും ഈ കെണിയിൽ വീഴാതെയിരിക്കാൻ ദൈവ വചനം എന്ത് പറയുന്നു എന്നു പരിശോധിക്കുകയും വേണം.

**ഞായർ** **ജനുവരി 7**

**സമൃദ്ധിയുടെ സുവിശേഷം**

'ദൈവം താങ്കളെ അനുഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നു. താങ്കളുടെ പക്കലുള്ള സമ്പത്താണ് അതിന്റെ തെളിവ്.' എന്ന് സ്ഥിരമായി പ്രസംഗിക്കുന്ന ഒരു ടെലിവിഷൻ പ്രാസംഗികനുണ്ട്. ദൈവത്തോടു വിശ്വസ്തരായിരുന്നാൽ ദൈവം താങ്കളെ ധനികനാക്കും എന്നതാണ് പ്രസംഗത്തിന്റെ അർത്ഥം.

ഈ ആശയത്തെയാണ് സമൃദ്ധിയുടെ അഥവാ സമ്പന്നതയുടെ സുവിശേഷം എന്ന് വിളിക്കുന്നത്. ദൈവത്തെ അനുഗമിച്ചാൽ ദൈവം താങ്കളെ സമ്പന്നനാക്കും എന്ന ആശയം ഭൗതിക വാദത്തെക്കുറിച്ചുള്ള വെറും വ്യാജമായ ഒരു വേദശാസ്ത്ര നീതീകരണം മാത്രമാണ്. കാരണം, ശരിക്കും അവർ പറയുന്നതിന്റെ അർത്ഥം താങ്കൾക്കു ലൗകികതയും അതിലുള്ള സന്തോഷവും വേണമെങ്കിൽ അതിനായുള്ള "സുവിശേഷം" ഞങ്ങളുടെ പക്കൽ നിങ്ങൾക്കായി ഉണ്ട് എന്നാണ്.

ക്രിസ്തുവിന്റെ സുവിശേഷത്തെ ഉറപ്പുള്ള സാമ്പത്തിക സമൃദ്ധിയോടു ബന്ധിപ്പിക്കുന്നത് ശരിയായുള്ള കാര്യത്തിൽ നിന്നും മനുഷ്യരുടെ ശ്രദ്ധയെ തിരിക്കുന്നതിനായാണ്. ഈ ഉപദേശം ദൈവവചനത്തോട് സ്വരച്ചേർച്ചയില്ലാത്തതും തിരുവചന ഭാഷയുടെ വേഷം ധരിച്ചെത്തുന്ന വ്യക്തി കേന്ദ്രീകൃത, അർദ്ധസത്യങ്ങളുമാണ്. സ്വാർത്ഥതയും സ്വാർത്ഥ സന്തോഷത്തിനായുള്ള ആഗ്രഹവുമാണ് സകല പാപങ്ങളുടെയും മൂലകാരണം. ഈ വ്യാജസുവിശേഷത്തിന്റെ കാതലും അത് തന്നെയാണ്. ദൈവത്തിനു കൊടുക്കുന്നതിലൂടെ നാം ഉറപ്പായും സമ്പന്നരായിത്തീരും എന്നാണ് 'സമൃദ്ധി' സുവിശേഷകർ പഠിപ്പിക്കുന്നത്, ഇത് ദൈവത്തെ ശരിക്കും ഒരു വില്പന യന്ത്രമാക്കി മാറ്റുകയും അവനുമായിട്ടുള്ള നമ്മുടെ ബന്ധത്തെ 'ഞാൻ ചെയ്യുന്ന കാര്യത്തിന് പകരമായി നീ പറഞ്ഞ കാര്യം എനിക്കു ചെയ്തു തരണം' എന്ന രീതിയിലുള്ള ഒരു വ്യാപാര ബന്ധത്തിലേക്ക് അധഃപതിപ്പിക്കുന്നു. തിരിച്ചു കിട്ടുന്നതിന് വേണ്ടിയാണു ഞങ്ങൾ തരുന്നത്. അല്ലാതെ തരുന്നത് ശരിയാണെന്നു ഞങ്ങൾക്ക് തോന്നിയിട്ടല്ല. ഇതാണ് സമൃദ്ധി സുവിശേഷം.

2 കൊരി. 8:1–7 വായിക്കുക: എന്താണ് ഇവിടെ സംഭവിക്കുന്നത്? സമൃദ്ധി സുവിശേഷത്തിനെതിരായി നിൽക്കുന്ന എന്ത് തത്വങ്ങളാണ് നാം ഇവിടെ കാണുന്നത്? 'ധർമ്മ കാര്യത്തിലും മുന്തി വരുവിൻ' എന്നതിലൂടെ പൗലൊസ് അർത്ഥമാക്കുന്നതെന്ത്?

മക്കെദോന്യയിലെ ജനം മഹാദരിദ്രർ ആയിരുന്നിട്ടും വളരെ ഔദാര്യ മനസ്കരും കഴിയുന്നതിലുമധികം കൊടുക്കുന്നവരുമായിരുന്നു. ഇതും ഇതുപോലെയുള്ള മറ്റു വാക്യങ്ങളും സമൃദ്ധി സുവിശേഷത്തിന്റെ മുന ഒടിക്കുന്നവയാണ്. ദൈവവുമായി നല്ല ബന്ധത്തിലിരുന്നാൽ ദൈവം താങ്കളെ ഭൗമികമായി അനുഗ്രഹിക്കും എന്നത് വ്യാജ വേദശാസ്ത്രമാണ്.

ദൈവത്തോട് വിശ്വസ്തരായിരിക്കുന്നവരുടെ കൂട്ടത്തിൽ ധനികരല്ലാത്തതായ ആളുകളുണ്ട്. വിശ്വസ്തരല്ലാത്തവരുടെ കൂട്ടത്തിൽ അനേകം സമ്പന്നരുമുണ്ട്. ഇങ്ങനെയുള്ള ഇരു വിഭാഗത്തെക്കുറിച്ചും ചില ഉദാഹരണങ്ങൾ പറയുവാൻ താങ്കൾക്കു സാധിക്കുമോ? സമ്പത്തു ദൈവത്തിന്റെ അനുഗ്രഹമാണെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നതിനെക്കുറിച്ച് ഇതെന്തു പറയുന്നു?

**തിങ്കൾ** **ജനുവരി 8**

**മങ്ങിയ ആത്മീയത**

ഈ ലോക ജീവിതവും ഇവിടെയുള്ള ധനവും താൽക്കാലികമാണെന്ന വ്യക്തമായ സത്യം പഠിക്കുന്നതിനു നമുക്ക് വേദ പുസ്തകത്തിന്റെ ആവശ്യമില്ല.

ഇവിടെയുള്ള യാതൊന്നും നിത്യമല്ല. ഒന്നും അധിക നാളുകൾ നിൽക്കുന്നുമില്ല. പൗലൊസ് പറയുന്നു: "കാണുന്നതിനെ അല്ല, കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കികൊണ്ടിരിക്കുന്നു; കാണുന്നതു താൽക്കാലികം, കാണത്തതോ നിത്യം." (2 കൊരി. 4:18) സ്വർഗ്ഗീയ കനാനിലേക്കുള്ള പാതയിൽ നിന്നും ദൃഷ്ടികളെ മാറ്റി ഈ ലോകത്തിന്റെ ചിന്തകളിലേക്ക് നോട്ടമുറപ്പിക്കുന്ന ക്രിസ്ത്യാനികൾ വിദൂര ദൃഷ്ടിയില്ലാത്തവരാണ്. സ്വർഗ്ഗീയ കാഴ്ചകളിൽ നിന്നും നമ്മെ അന്ധരാക്കുവാൻ സമ്പത്തിന്റെ വഞ്ചനയെക്കാൾ മെച്ചമായ മറ്റൊന്നുമില്ല. അന്ധയായിരുന്ന ഹെലൻ കെല്ലർ ഇപ്രകാരം പറയുന്നു: "കാഴ്ചയുണ്ടായിട്ടും കാണേണ്ടത് കാണാതെ പോകുന്ന വ്യക്തിയാണ് ഈ ലോകത്തിലെ ഏറ്റവും ശോചനീയനായ ആൾ." കാഴ്ചയുണ്ടായിട്ടും ആത്മീയ അന്ധതയിൽ ജീവിച്ചവരുടെ ഉദാഹരണങ്ങൾ വേദ പുസ്തകത്തിൽ വേണ്ടുവോളം ഉണ്ട്.

സത്യത്തോടുള്ള തങ്ങളുടെ സ്നേഹത്തെ വിഴുങ്ങി കളയത്തക്കവണ്ണം ലോകത്തെ സ്നേഹിക്കുന്നവരാണ് ചിലർ. ഈ ലോകത്തിലെ നിക്ഷേപങ്ങൾ വർദ്ധിക്കുന്തോറും സ്വർഗ്ഗീയ നിക്ഷേപങ്ങളിലുള്ള അവരുടെ താല്പര്യം കുറഞ്ഞു വരുന്നു. ഈ ലോകത്തെ എത്ര മാത്രം കൈവശമാക്കുന്നുവോ അത്ര മാത്രം അവർ അതിനെ ആശ്ലേഷിക്കുകയും തങ്ങൾക്കേറ്റം പ്രിയപ്പെട്ടവ നഷ്ടപ്പെടുമോ എന്ന് ഭയപ്പെടുകയും ചെയ്യുന്നു. കൂടുതൽ സമ്പാദിക്കുന്തോറും മറ്റുള്ളവർക്കു കൊടുക്കുന്നതിന്റെ അളവ് കുറയുന്നു. കാരണം, സമ്പത്തു വർദ്ധിക്കുന്തോറും ഉള്ളത് കൊണ്ടൊന്നും തികയുകയില്ല എന്ന ചിന്തയും അവരോടൊപ്പം വളരുന്നു. അല്ലയോ സമ്പത്തിന്റെ കുടിലതയേ!!! ഇങ്ങനെയുള്ളവർ ഒരിക്കലും ദൈവ വേലയുടെ ആവശ്യങ്ങളെ കാണുകയോ അതിനെക്കുറിച്ച് ചിന്തിക്കുകയോ ചെയ്യുകയില്ല EGW, SG, Vol 2 P 267.

ആത്മീക അന്ധത നിത്യരക്ഷയെ അപകടത്തിലാക്കുന്നു. യേശുവിനെ വെറുതെ ദർശിച്ചാൽ പോരാ അവൻ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രഭാഗമാകണം.

മത്താ. 13: 3-7,22 വായിക്കുക. എന്ത് അപകട മുന്നറിയിപ്പാണ് യേശു ഇവിടെ നൽകുന്നത്? ധനികനും ദരിദ്രനും ഒരുപോലെ അനായാസമായി വീഴുവാൻ സാധിക്കും വിധം ഈ കെണി ഇത്ര എളുപ്പമാകുന്നത് എന്തുകൊണ്ട്?

ഒന്നാമതായി 'ലോകത്തിന്റെ ചിന്ത'യെക്കുറിച്ചു യേശു മുന്നറിയിപ്പ് തരുന്നു. സാമ്പത്തിക ചിന്തകൾ ഉൾപ്പെടെ നമുക്കെല്ലാവർക്കും ഭാരങ്ങളും ചിന്താകുലങ്ങളും ഉണ്ടെന്നു യേശു അറിയുന്നു, ആവശ്യങ്ങൾ എങ്ങനെ നടന്നു കിട്ടും എന്ന ഭാരമാണ് പാവപ്പെട്ടവർക്കുള്ളത്, ധനികർക്കാണെങ്കിലോ, ഇനിയും എന്തൊക്കെ കരസ്ഥമാകുവാനും നേടുവാനും കഴിയും എന്ന ചിന്തയും. ഇങ്ങനെയുള്ളതായ ചിന്തകൾ നമ്മുടെ ജീവിതത്തിലെ വചനത്തെ ഞെരുക്കി കളയാതിരിപ്പാൻ നാം തീർച്ചയായും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു (മത്താ. 13:22).

രണ്ടാമതായി യേശു തരുന്ന മുന്നറിയിപ്പ് 'ധനത്തിന്റെ വഞ്ചന'യെക്കുറിക്കുന്നു. (മത്താ.13:22). ധനം ഒരു ദോഷമല്ലെങ്കിലും നമ്മെ അത്യന്തികമായി നാശത്തിലേക്കു നയിക്കുവാനുതകുന്ന വഞ്ചനയുടെ ശക്തി അതിനുണ്ട്.

താങ്കളുടെ ജീവിതത്തിൽ 'ധനത്തിന്റെ വഞ്ചന' ഉണ്ടോ? ഉണ്ടെങ്കിൽ അതിൽ നിന്നും താങ്കളെ തന്നെ സൂക്ഷിക്കുന്നതിനായി ക്രിയാത്മകമായ എന്തൊക്കെ തിര ഞ്ഞെടുപ്പുകൾ നടത്തുവാൻ സാധിക്കും?

**ചൊവ്വ** **ജനുവരി 9**

**അത്യാഗ്രഹത്തിന്റെ വിവിധ നടപടികൾ**

എല്ലാ പാപങ്ങളെയും പോലെ അത്യാഗ്രഹവും ഹൃദയത്തിൽ ആരംഭിക്കുന്നു. ഉള്ളിൽ ആരംഭിച്ചു പുറത്ത് പ്രവർത്തിക്കുന്നു. ഇതാണ് ഏദനിൽ സംഭവിച്ചത്.

**ഉല്പ. 3:1-6 വായിക്കുക.** ഹവ്വയെ പാപത്തിലേക്കു വശീകരിക്കുന്നതിനായി സാത്താൻ എന്താണ് ചെയ്തത്? അതുപോലെതന്നെ നമ്മെ ഓരോരുത്തരെയും വഞ്ചിക്കുന്നതിനായി അതെ തത്വങ്ങൾ തന്നെ യുഗങ്ങളായി അവൻ എങ്ങനെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു?

"ആ വൃക്ഷഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ അഭികാമ്യവും എന്നു സ്ത്രീ കണ്ടു ഫലം പറിച്ചുതിന്നു ഭർത്താവിനും കൊടുത്തു; അവനും തിന്നു."(ഉല്പ. 3:6) ഏദൻതോട്ടത്തിൽ സാത്താൻ നടത്തിയ ചതിയിൽ നിന്നാണോ വ്യവസായികൾക്ക് തങ്ങളുടെ ഉല്പന്നങ്ങളെ വിൽക്കുന്നതി നാവശ്യമായ തന്ത്രങ്ങൾ ലഭിച്ചത് എന്ന് ആ മേഖലയെക്കുറിച്ചു കൂടുതൽ അറിവി ല്ലാത്ത വ്യക്തികൾ ഒരു പക്ഷേ ചിന്തിച്ചിട്ടുണ്ടാകും. ഉള്ളതൊന്നും പോരാ എന്ന ചിന്ത ഹവ്വയിൽ ജനിപ്പിക്കുവാനുതകും വിധത്തിലയിരുന്നു വിലക്കപ്പെട്ട കനിയെ സാത്താൻ അവളുടെ മുൻപിൽ അവതരിപ്പിച്ചത്. ശരിക്കും ആവശ്യമില്ലാതിരുന്ന ഒരു വസ്തുവിനെ ആവശ്യമുണ്ട് എന്നു ചിന്തിപ്പിക്കുവാൻ ആ അവതരണത്തിനു കഴിഞ്ഞു. ഈ രീതി എത്രയോ ഭാസുരവും സമർത്ഥവുമാണ്! അത്യാഗ്രഹത്തിലേക്കു വീഴുമ്പോൾ നാം ഓരോരുത്തരും നടന്നു കയറുന്ന മൂന്ന് പടികളുണ്ട്: കാണുക, ആഗ്രഹിക്കുക, എടുക്കുക എന്നിവയാണ് ആ മൂന്ന് പടികൾ. ഹവ്വയും വീണത് ഈ മൂന്നു പടികളിലൂടെയാണ്.

അത്യാഗ്രഹം തീർച്ചയായും ഒരു നിശ്ശബ്ദ പാപമാണ്. കാമാസക്തിയെപ്പോലെ അതും നമ്മുടെ ജഡീകതയ്ക്കുള്ളിൽ മറഞ്ഞിരിക്കുന്നു. മറ നീക്കി വെളിയിൽ വരുമ്പോൾ അതിന്റെ തനി സ്വഭാവം വിനാശകരവും ബന്ധങ്ങളെ തകർക്കുന്നതും നാം സ്നേഹിക്കുന്നവരുടെമേൽ പാടുകൾ ഉണ്ടാക്കുന്നതും പിൽക്കാല ജീവിതത്തെ കുറ്റബോധത്താൽ തെരുതെരെ തകർക്കുന്നതുമാകുന്നു.

പ്രവൃത്തി പഥത്തിലെത്തുന്ന ദ്രവ്യാഗ്രഹം ഏതു തത്വത്തെയും നിഷ്ഫല മാക്കും. ആഹാബ് രാജാവ് നാബോത്തിന്റെ മുന്തിരിത്തോട്ടം കണ്ടു, ആഗ്രഹിച്ചു, തന്റെ ഭാര്യ അതിനുവേണ്ടി നബോത്തിനെ കൊന്നുകളയുംവരെ അതോർത്തു ആഗ്രഹത്തോടെ വ്യാകുലപ്പെട്ടു (1 രാജാ. 21). ബാബിലോന്യമേലങ്കിയും പൊൻ കട്ടിയും കണ്ട ആഖാന് സ്വയ നിയന്ത്രണം നഷ്ടമായി, മോഹിച്ചു, അത്പോയി എടുത്തു. (യോശു. 7:20-22) ദ്രവ്യാഗ്രഹം ആത്യന്തികമായി സ്വാർത്ഥതയുടെ മറ്റൊരുരൂപമാണ്.

“സ്വാർത്ഥത പാപത്തിന്റെ പ്രബലമായ ഒരു രൂപമാണെങ്കിൽ ദ്രവ്യാഗ്രഹം സ്വർത്ഥതയുടെ പ്രബലമായ രൂപമാണ്. അന്ത്യകാലത്തെ വിശ്വാസ ത്യാഗത്തെ കുറിച്ച് സംസാരിക്കുന്ന പൗലൊസ് “ദുർഘട സമയങ്ങളെകുറിച്ച് വിശദീകരിക്കുന്നു. അതിൽ വളരെ ശ്രദ്ധേയമായ രീതിയിൽ എടുത്തു പറഞ്ഞിരിക്കുന്നത് സ്വാർത്ഥ തയെ കുറിച്ചാണ്. സ്വാർത്ഥതയെ അവൻ സകല പാപത്തിന്റെയും മൂല കാരണമായി അവതരിപ്പിക്കുന്നു. അന്ത്യകാലത്തു അത് വ്യാപകമായി സ്വാധീനത്തിലാക്കു കയും അത്യാഗ്രഹം അതിന്റെ ആദ്യഫലമായിരിക്കുകയും ചെയ്യും. “മനുഷ്യർ സ്വസ്നേഹികളും അത്യാഗ്രഹികളും.....”(2 തിമൊ.3:2). John Harris, Mammon P.52.

നമ്മിലുള്ള ചെറുതും വലുതുമായ അത്യാഗ്രഹ പ്രവണതകളെ തിരിച്ചറിയേ ണ്ടതിന്റെ പ്രാധാന്യം എന്താണ്?

**ബുധൻ** **ജനുവരി 10**

**അത്യാഗ്രഹം-തന്നിഷ്ടം**

**യെശ. 56:11 വായിക്കുക.** എന്ത് പാപത്തെ കുറിച്ചാണ് ഇവിടെ മുന്നറിയിപ്പ് തരുന്നത്?

പാപികളായ നമ്മെ സംബന്ധിച്ചിടത്തോളം ആർത്തി എന്നത് ശ്വസനംപോലെ നമ്മോടു ചേർന്ന് നിൽക്കുന്ന ഒന്നാണ്. അത് നമ്മുടെ ജഡ സ്വഭാവത്തിന്റെ ഭാഗമാണ്. ക്രിസ്തുവിന്റെ സ്വഭാവവുമായി അതിനു യാതൊരു ബന്ധവും ഇല്ല. “നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിനു നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ” (2 കൊരി. 8:9).

എത്രമാത്രം ഹാനിയും ക്ഷതവുമാണ് ചരിത്രത്തിലുടനീളം ആർത്തിമൂലം ഉണ്ടായിട്ടുള്ളത് എന്ന കാര്യം ദൈവം മാത്രം അറിയുന്നു. ആർത്തി യുദ്ധങ്ങളിലേക്കു നയിച്ചിട്ടുണ്ട്. സ്വജീവിതത്തിനും സ്വകുടുംബത്തിനും നാശം കൊണ്ടുവരുന്ന നിരവധി കുറ്റകൃത്യങ്ങൾ ചെയ്യുവാൻ അത്യാഗ്രഹംമൂലം മനുഷ്യർക്കു ഇടയായി ട്ടുണ്ട്. ആർത്തി ഒരു വിഷരോഗാണുവാണ്. കുടിയിരിക്കുന്ന വ്യക്തിയിലെ സകല നന്മകളെയും നശിപ്പിക്കുകയും കൂടുതൽ കൂടുതൽ ആർത്തിയെ അവശേഷിപ്പിക്കു കയും ചെയ്യുന്ന രോഗാണു. അധികാരം, സമ്പത്ത്, കാമം ഉൾപ്പടെ സകലതും ആഗ്രഹിക്കുന്ന ഒരു മനോവ്യാധിയാണ് അത്യാഗ്രഹം. ഞാൻ കാണുന്നു, ഞാൻ ആഗ്രഹിക്കുന്നു, ഞാൻ എടുക്കുന്നു.

**മത്താ.26: 14-16 വായിക്കുക.** ദുഃഖകരമായ ഈ കഥയിൽ നിന്നും അത്യാഗ്രഹ ത്തിന്റെ ശക്തിയെ കുറിച്ച് നമുക്കെന്തു പഠിക്കാം?

യൂദായുടെ വാക്കുകൾ ശ്രദ്ധിക്കുക: “നിങ്ങൾ എന്ത് തരും? ഞാൻ അവനെ കാണിച്ചുതരാം.”(മത്താ. 26:15) ആർത്തി മറ്റുള്ള സകലത്തെയും കീഴ്പ്പെടുത്തുന്നു. യൂദായെപ്പോലെ സവിശേഷ അവകാശങ്ങൾ ലഭിച്ചവർ വളരെ കുറവാണു. മനുഷ്യാ വതാരം എടുത്ത യേശുവിനോടൊപ്പം അവൻ ജീവിച്ചു. അവന്റെ അതിശയ പ്രവൃത്തി കളെ കണ്ടു. ജീവന്റെ വചനത്തെ ശ്രവിച്ചു. എന്നിട്ടും അത്യാഗ്രഹവും അതിമോഹവും അവനെ എവിടെ എത്തിച്ചു എന്ന് നോക്കുക.

“തന്റെ ഒറ്റുകാരനാകുവാൻ പോകുന്നവനോട് രക്ഷകൻ എത്ര സ്നേഹത്തോടെ ഇടപെട്ടു! അത്യാഗ്രഹത്തിന്റെ അടിവേര് അറക്കുവാൻ ശക്തിയുള്ള ഔദാര്യത്തിന്റെയും മഹാ മഹാമനസ്കതയുടെയും തത്വങ്ങളെയാണ് യേശു പഠിപ്പിച്ചത്. ആർത്തിയുടെ ഹീനവും നിന്ദ്യവുമായ സ്വഭാവത്തെ അവൻ യൂദായുടെ മുൻപിൽ തുറന്നു കാട്ടി. തന്റെ സ്വഭാവം വർണിക്കപ്പെടുന്നതായും തന്റെ പാപം ചൂണ്ടി കാണിക്കപ്പെടുന്നതായും ഈ ശിഷ്യന് ബോധ്യപ്പെട്ടു. എന്നിട്ടും അവൻ തന്റെ അനീതിയെ ഏറ്റു പറഞ്ഞു ഉപേക്ഷിച്ചില്ല.” EGW DA, P 295

അല്പമെങ്കിലും ആർത്തി ഇല്ലാത്തതായി ആരാണുള്ളത്? സഹജമായ ഈ പ്രവണതയെ, ദൈവകൃപയാൽ, നമുക്കെങ്ങനെ നിയന്ത്രിക്കാം?

**വ്യാഴം** **ജനുവരി 11**

**ആത്മനിയന്ത്രണം**

**വായിക്കുക:** അ.പ്ര. 24:24-26; 2 പത്രൊ. 1:5-9; ഗലാ. 5:22-25. ദ്രവ്യാഗ്രഹത്തിൽ നിന്നും ആർത്തിയിൽ നിന്നും നമ്മെ എങ്ങനെ സംരക്ഷിക്കാം എന്നാണ് ഈ വാക്യങ്ങൾ പറയുന്നത്?

നാം എങ്ങനെ ജീവിക്കണം എന്ന ദൈവിക അനുശാസനങ്ങളാൽ സമ്പന്നമാണ് ഈ വാക്യങ്ങൾ. ഈ വാക്യങ്ങളിലെല്ലാം പൊതുവെ കാണുന്ന ഒരു കാര്യമാണ് ഇന്ദ്രീയജയം അഥവാ ആത്മനിയന്ത്രണം എന്നത്. അത്യാഗ്രഹം, അതിമോഹം എന്നിവയുമായി ചേരുമ്പോൾ ഈ സ്വഭാവ വിശേഷം തികച്ചും ബുദ്ധിമുട്ടുള്ള ഒന്നാണ്. ആത്മനിയന്ത്രണത്തിൽക്കൂടെ മാത്രമേ ഈ ദോഷ ചിന്തകളെയും അവയിൽ നിന്നും വരുന്ന ദോഷ പ്രവൃത്തികളെയും അതിജീവിക്കുവാൻ നമുക്ക് സാധിക്കുകയുള്ളൂ.

ദൈവകരങ്ങളിൽ നമ്മെത്തന്നെ ഏല്പിച്ചു കൊടുക്കുന്നുവെങ്കിൽ മാത്രമേ നമുക്കു ആത്മനിയന്ത്രണം അഭ്യസിക്കുവാൻ പറ്റുകയുള്ളൂ. ഈ പാപ സ്വഭാവങ്ങളെ കീഴ്പ്പെടുത്തുക എന്നത് സ്വന്ത ശക്തിയാൽ അസാധ്യമാണ്, പ്രത്യേകിച്ചും അവ വളരെക്കാലമായി പോഷിപ്പിക്കപ്പെടുകയും ചെയ്തവയാണെങ്കിൽ. ശക്തിയേറിയ ഈ വഞ്ചനകളിൽ നിന്നും വിജയം നേടണമെങ്കിൽ പരിശുദ്ധാത്മാവിന്റെ അതിമാനുഷ്യ പ്രവൃത്തി തീർച്ചയായും നമ്മുടെ ജീവിതങ്ങളിൽ നടക്കണം. “മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിനു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും” ( 1 കൊരി. 10:13).

2 പത്രൊ. 1: 5-9 വീണ്ടും വായിക്കുക. എന്ത് പാതയാണ് പത്രൊസ് ചൂണ്ടി കാണിക്കുന്നത്? അതിന്റെ ചുവടുകൾ എന്തെല്ലാം? അത്യാഗ്രഹത്തോടു പോരാടുന്ന നമുക്ക് ഈ ചുവടുകൾ എത്ര മാത്രം സഹായകരമാണ്?

**വെള്ളി** **ജനുവരി 12**

കൂടുതൽ ചിന്തയ്ക്ക്: സന്തോഷവും സംതൃപ്തിയുമാണ് മനുഷ്യന്റെ അന്തിമമായ ലക്ഷ്യം. എന്നാൽ ലൗകികത തരുന്ന ആത്മസംതൃപ്തിയിലൂടെ ഈ ലക്ഷ്യം

നേടുവാൻ ആകുകയില്ല. ഇത് ശരിയാണെന്നു എല്ലാവരുടെയും അന്തരംഗം സമ്മതിക്കുമെങ്കിലും എല്ലാവരും സമ്പാദ്യം എന്ന ഒഴിയാബാധയെ നിർബാധം തുടർന്നുകൊണ്ടേയിരിക്കുന്നു. ഞാൻ കാണുന്നു, ഞാൻ ആഗ്രഹിക്കുന്നു ഞാൻ സ്വന്തമാക്കുന്നു. ഇതിലും എളുപ്പമുള്ളതെന്താണ്? മറ്റാരെയും പോലെ സെവന്ത് ഡേ അഡ്വന്റിസ്റ്റുകാരും ഐഹിക ഭോഗാസക്തിയുടെ മൂല്യങ്ങളെ വരിക്കുവാൻ പ്രലോഭിപ്പിക്കപ്പെടുന്നു. നിരന്തരമായി സമ്പത്തു ആർജിക്കുന്നതുകൊണ്ട് സന്തോഷം സംതൃപ്തി അലംഭാവം എന്നിവ ഉണ്ടാകുന്നില്ല. വസ്തുവകകളുടെ തുടർച്ചയായ ആർജ്ജനം ശരിക്കും പ്രശ്നങ്ങളെയാണ് നമുക്കു തരുന്നത്. ആഗ്രഹിച്ചത് കേൾക്കുകയും ലഭിക്കുകയും ചെയ്യാതെ പോയ ധനികനും യൗവ്വനക്കാരനുമായിരുന്ന വ്യക്തി യേശുവിന്റെ സന്നിധിയിൽനിന്നും ദുഃഖിതനും ആശയറ്റവനും മനസ്സിടിഞ്ഞവനുമായി നടന്നകലുന്നത് നാം വചനത്തിൽ കാണുന്നുണ്ട്. “ഭൗതികതയുടെ മൂല്യങ്ങൾ മനുഷ്യരുടെ ക്ഷേമത്തെ ദുർബലമാക്കുന്നു. അവ സംതൃപ്തി ഇല്ലായ്മയിൽനിന്നും സന്തോഷമില്ലായ്മയിൽ നിന്നും വിഷാദ രോഗത്തിലേയ്ക്കും ഉത്കണ്ഠയിലേക്കും തലവേദന പോലുള്ള ശാരീരിക പ്രശ്നങ്ങളിലേക്കും മാനസിക പ്രശ്നങ്ങളിലേക്കും ആത്മരതി, സാമൂഹ്യ വിരുദ്ധ സ്വഭാവം എന്നിവകളിലേക്കും നയിക്കുന്നു.” Tim Kasser, P 22

ലൗകിക സുഖനിരതരായ ക്രിസ്ത്യനികൾ സമ്പത്താകുന്ന കിണറ്റിൽ നിന്നും കുടിക്കുന്നുണ്ടെങ്കിലും നിർജ്ജലീകരണം അനുഭവിക്കുന്നവരാണ്. ക്രിസ്തു തരുന്ന വെള്ളം കുടിക്കുന്നവരായ നമുക്കോ ഒരിക്കലും ദാഹം ഉണ്ടാകുകയില്ല (യോഹ.4:14).

**ചർച്ച ചെയ്യുക :-**

1. സമൃദ്ധി സുവിശേഷത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കുക. ഈ ആശയത്തിൽ വിശ്വസിക്കുന്നവർ അത് പ്രചരിപ്പിക്കുന്നതിനായി ഏതൊക്കെ വാക്യങ്ങളാണ് ഉപയോഗിക്കുന്നത്? ഈ വ്യാജ ഉപദേശം തെറ്റെന്നു തെളിയിക്കുവാനായി വിശ്വസ്തരായ ദൈവമക്കളുടെ ഏതൊക്കെ ഉദാഹരണങ്ങളാണ് വചനത്തിൽ നിന്നും നിങ്ങൾക്ക് കണ്ടെത്താനാകുക.

2. ഒരു പിതാവ് ഒരിക്കൽ ഇപ്രകാരം പറഞ്ഞു: “എന്റെ മകനിൽ നിന്നും രണ്ടു പ്രാധനപ്പെട്ട വേദപുസ്തക സത്യങ്ങൾ ഞാൻ പഠിച്ചു. ഒന്ന്, നാം എല്ലാവരും ജന്മനാ തന്നെ പാപികളാണ്. രണ്ട്, നാമെല്ലാവരും ജന്മനാ അത്യാഗ്രഹികളാണ്”. മനുഷ്യർ സ്വതവേ അത്യാഗ്രഹ സ്വാഭാവമുള്ളവരാണെന്ന കാര്യം സമർത്ഥിക്കുവാനായി കുട്ടികളിൽ നിന്നും എന്തെങ്കിലും അനുഭവങ്ങൾ നിങ്ങൾക്കുണ്ടായിട്ടുണ്ടോ? ദൈവകൃപയുടെ ആവശ്യകതയെക്കുറിച്ചു ഈ അനുഭവങ്ങൾ നമ്മോടെന്തു പറയുന്നു?

3. “മാനുഷിക പ്രശ്നങ്ങളുടെ മൂല കാരണം മയക്കമരുന്നോ മദ്യമോ ഒന്നും അല്ല. മാനുഷിക പ്രശ്നങ്ങളുടെ ആധാരം വിവേകശൂന്യതയും അജ്ഞതയും അത്യാഗ്രഹവും അധികാര ഭ്രമവും ഒക്കെയാണ്”. എന്ന് ഒരാൾ ഒരിക്കൽ പറഞ്ഞു. അത്യാഗ്രഹം വളരെ ഹാനികരമാണ്. അത്യാഗ്രഹിയെ മാത്രമല്ല അവന്റെ ചുറ്റുമുള്ളവരെയും അത് എങ്ങനെ ഹനിക്കുന്നു? അത്യാഗ്രഹം മൂലം ഘോരമായ തകർച്ച അനുഭവിക്കുന്ന ആരെയെങ്കിലും നിങ്ങൾക്കറിയാമോ?